DESPATCHED
08/06/2020
16.3.20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 904*(7)/2013*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. *5576/എസ്.ഐ.സി–ജി 6/13*
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.പി.ആർ.സോമൻ,**
**പുത്തൻ നികർത്തിൽ, എഴുപുന്ന സൗത്ത് പി.ഒ.,**
**ചേർത്തല, ആലപ്പുഴ – 688 550.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ,**
**പട്ടണക്കാട്.**

2. **അപ്പീൽ അധികാരി&**
**അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ (ജനറൽ)**
**കാര്യാലയം, കളക്ടറേറ്റ്, ആലപ്പുഴ.**

} **എതിർകക്ഷികൾ**

## ഉത്തരവ്

2013ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നും കമ്മീഷന്റെ 07.11.2019ലെ കത്തിലെ നിർദ്ദേശപ്രകാരം പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഫയലിൽ ഉള്ള കൺസെന്റ് രേഖകളുടെ പകർപ്പ് (18 എണ്ണം) സൗജന്യമായി ടിയാന് അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്.

എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരന്റെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 26.11.2019ൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിലൂടെ നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയതായി അറിയിക്കുകയും ചെയ്തു. ഇപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/